23 (1755) ട്രഷറികളുടെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽനിന്നും അക്കൗണ്ടുകൾ യഥാസമയം സർക്കാരിന് ലഭിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(സി) ട്രഷറികളിലെ വർദ്ധിച്ച ജോലിഭാരം ലഘൂകരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാ ട്രഷറികളിൽ നിന്നും നിശ്ചിത ദിവസം തന്നെ അക്കൗണ്ടുകൾ ലഭിക്കാറില്ല.

(ബി) ജനകീയാസൂത്രണപദ്ധതി പ്രകാരം ട്രഷറികൾ വഴി കൈകാര്യം ചെയ്യുന്ന അധിക ജോലികൾ, പെൻഷൻ വിതരണം, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള പണമിടപാടുകൾ എന്നിവയാലുള്ള ജോലി വർദ്ധനവുമൂലവും, കംപ്യൂട്ടർവൽക്കരണം പൂർണ്ണമായി നടപ്പാക്കി കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ, എന്നിവ കാരണങ്ങളാകുന്നു.

(സി) ഉണ്ട്.

(ഡി) എല്ലാ ട്രഷറികളിലും കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

24 (1756) ട്രഷറികളിലെ കംപ്യൂട്ടർവൽക്കരണം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് ട്രഷറികൾ കംപ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനുള്ള പരിപാടി എത്രത്തോളം പുരോഗമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി എല്ലാ സബ് ട്രഷറികളിലും കംപ്യൂട്ടർ സ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, പത്തനംതിട്ട എന്നീ റവന്യൂ ജില്ലകളിലെ സബ് ട്രഷറികളെ കംപ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

(ബി) രണ്ടായിരമാണ്ടോടുകൂടി എല്ലാ ട്രഷറികളിലും കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

25 (1757) പുതിയ ട്രഷറികൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിൽ പുതിയ ട്രഷറികൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; പുതിയ ട്രഷറികൾ ആരംഭിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ പരിഗണിക്കുന്നത്;

(ബി) പയ്യോളി പഞ്ചായത്തിലെ മേലടിയിൽ പുതിയ ട്രഷറി ആരംഭിക്കാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതു താല്പര്യങ്ങൾ കണക്കിലെടുത്തും. വാടക രഹിതമായി ആദ്യത്തെ രണ്ടു വർഷത്തേക്ക് കെട്ടിടം ലഭിക്കുന്നതിനുള്ള സാദ്ധ്യതയും കണക്കിലെടുത്താണ് പുതിയ ട്രഷറികൾ തുറക്കുന്നത്.

(ബി) പരിശോധിച്ചു തീരുമാനിക്കേണ്ട കാര്യമാണ്.

26 (1758) പുതിയ സബ് ട്രഷറികൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര സബ് ട്രഷറികൾ അനുവദിക്കാനുദ്ദേശിക്കുന്നു;

(ബി) കൊല്ലം ജില്ലയിലെ ചടയമംഗലത്ത് പുതുതായി ട്രഷറി ആരംഭിക്കുന്നതിനായുള്ള എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം പുതിയ സബ് ട്രഷറികൾ തുടങ്ങുന്നതിനെ സംബന്ധിച്ച് ഇതേ വരെ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) ഉണ്ട്.

(സി) തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

27 (1759) സംസ്ഥാനത്തെ ഏകാംഗ ട്രഷറികൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാംഗ ട്രഷറി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏകാംഗ ട്രഷറികൾ പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ എതിരാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനുവാദം ലഭിച്ചതും ആവശ്യമായ സ്ഥലസൗകര്യം നൽകിയിട്ടുള്ളതും ആയ പഞ്ചായത്തുകളിൽ അടിയന്തിരമായി ട്രഷറികൾ പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly